# കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ:S001-BTC02/1/2024-KSRTC

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ഫോർട്ട് തിരുവനന്തപുരം,
തീയതി: 14.10.2025

**കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് "KSRTC CRUISE LINE" പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് താൽപ്പര്യമുള്ള കക്ഷികളിൽ നിന്ന് ലേലം/ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള ലഘുദർഘാസ് പരസ്യം**

കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി നടത്തുന്ന ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് തുടങ്ങിയവയിലെ യാത്രകൾക്ക് വളരെ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ വിനോദയാത്രകളിൽ കെ.എസ്.ആർ.ടി.സി യ്ക്ക് മാത്രമായി പ്രത്യേക സർവീസുകൾ കോട്ടയം ജില്ലയിൽ നടത്തുന്നതിനായി ഹൗസ് ബോട്ടുകളും / ബോട്ടുകളും തെരഞ്ഞെടുക്കുന്നതിനായി ടെണ്ടർ നടപടികളിലൂടെ നിശ്ചിത ദിവസ / മാസ കമ്മീഷൻ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിനായി ദർഘാസുകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | ടെണ്ടർ ഫാറം വില്പന അവസാനിക്കുന്നത് | : | 28.10.2025 13.00 മണി വരെ |
| 2. | ടെണ്ടർ ഫാറം സ്വീകരിക്കുന്നത് അവസാന തീയതി | : | 28.10.2025 16.00 മണി വരെ |
| 3. | ലേലം / ടെണ്ടർ തീയതിയും സ്ഥലവും | : | 29.10.2025 04.00 മണി മുതൽ (KSRTC ചീഫ് ഓഫീസിൽ വച്ച്) |
| 4. | നിരതദ്രവ്യം | : | 5,000/- രൂപ |
| 5. | ടെണ്ടർ ഫാറം ലഭിക്കുന്നത് | : | കെ.എസ്.ആർ.ടി.സിയുടെ വെബ്സൈറ്റായ - www.keralartc.com/tenders/miscൽ നിന്നോ , രാവിലെ 10 മണി മുതൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കോട്ടയം ഡിപ്പോ, കോട്ടയം. |
| 6. | ടെണ്ടർ ഫാറം സമർപ്പിക്കേണ്ടത് | | തപാൽ സെക്ഷൻ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കോട്ടയം ഡിപ്പോ, കോട്ടയം. |

**വിവരങ്ങൾക്ക്:**

ഫോൺ നം: **0471 - 2471011 Extn: 353** / ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട് തിരുവനന്തപുരം

കെ.എസ്.ആർ.ടി.സിയുടെ വെബ്സൈറ്റ് – www.keralartc.com/tenders/misc.

ചീഫ് ട്രാഫിക് മാനേജർ (ബി. ടി. സി)

| S001 | CO |
|---|---|

# KERALA STATE ROAD TRANSPORT CORPORATION

TRANSPORT BHAVAN, FORT, THIRUVANANTHAPURAM-695 023
Telephone No: 0471-2471011, (Extn : 232)
E-mail: estate@kerala.gov.in Web: www.keralartc.com

**TENDER No. S001-BTC02/1/2024-OPRS-KSRTC-HQ** **Dtd: 14.10.2025**

## NOTICE INVITING TENDER CUM AUCTION

**കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് "KSRTC CRUISE LINE" പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് താൽപ്പര്യമുള്ള കക്ഷികളിൽ നിന്ന് ടെണ്ടർ കം ലേലം ക്ഷണിക്കുന്നു.**

---

കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി നടത്തുന്ന ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് തുടങ്ങിയവയിലെ യാത്രകൾക്ക് വളരെ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ വിനോദയാത്രകളിൽ കെ.എസ്.ആർ.ടി.സി യ്ക്ക് മാത്രമായി പ്രത്യേക സർവീസുകൾ കോട്ടയം ജില്ലയിൽ നടത്തുന്നതിനായി ഹൗസ് ബോട്ടുകളും / ബോട്ടുകളും തെരഞ്ഞെടുക്കുന്നതിനായി ടെണ്ടർ നടപടികളിലൂടെ നിശ്ചിത ദിവസ / മാസ വാടക / കമ്മീഷൻ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിനായി ദർഘാസുകൾ ക്ഷണിക്കുന്നു.

**ടെൻഡറുകൾ സമർപ്പിക്കൽ**

a. ടെണ്ടർ ഫോറവും മറ്റ് രേഖകളും https://www.keralartctender.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
b. ടെണ്ടർ ഫോറം വിലയും നികുതിയും നിരതദ്രവ്യം എന്നിവ കെഎസ്ആർടിസിയുടെ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, TVM - 23 എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി ഒടുക്കേണ്ടതാണ്.

| | |
|---|---|
| ടെൻഡർ ഫോം ഫീസ് (റീഫണ്ട് ചെയ്യാനാവില്ല | 112/- രൂപ. (100/+ ജിഎസ്ടി @ 12%) (നൂറ്റി പന്ത്രണ്ട് രൂപ മാത്രം). |
| നിരതദ്രവ്യം | 5000/- രൂപ വീതം |

സീൽ ചെയ്ത കവറിനു പുറത്തു മേൽവിലാസം, ടെണ്ടർ നമ്പർ, തീയതി, എന്നിവ എഴുതി കെ.എസ്.ആർ.ടി.സി കോട്ടയം ഡിപ്പോയിൽ സമർപ്പിക്കേണ്ടതാണ്. ഇവ രേഖപ്പെടുത്താത്ത ടെണ്ടർ അംഗീകരിക്കുന്നതല്ല.

**വിലാസം: ജനറൽ മാനേജർ, ബഡ്ജറ്റ് ടൂറിസം സെൽ, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം.**

c. ടെണ്ടർ സമർപ്പിച്ച് qualify ആകുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ .

d. ബിഡ്ഡർ ടെണ്ടർ ഫോറത്തിൽ ഓരോ ബോട്ടിനും ഈടാക്കുന്ന നിരക്ക് ഭക്ഷണം ഉൾപ്പെടെയുള്ളവ അത്തരത്തിലും അല്ലാത്തവയും പ്രത്യേകം (without GST) രേഖപ്പെടുത്തണം.

e. ടെണ്ടർ രേഖകൾ പ്രത്യേകം സമർപ്പിക്കണം, അതായത് ഒന്ന് പ്രീ-ക്വാളിഫിക്കേഷൻ ബിഡിനും മറ്റൊന്ന് പ്രൈസ് ബിഡിനും.

f. സാധാരണയായി ലേലത്തിലോ ടെൻഡറിലോ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്നതും, യാത്രക്കാർക്ക് ഗുണകരമാകുന്നതും, മെച്ചപ്പെട്ടതുമായ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നവർക്ക് ആയിരിക്കും ടെണ്ടർ അനുവദിച്ചു നല്കുക.

g. വാട്ടർ ട്രാൻസ്പോർട്ട് നിഷ്കർശിച്ചിട്ടുള്ള നിയമപരമായ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും ബോട്ടുടമകൾ പാലിച്ചിരിക്കണം.

h. NIT-ൽ രേഖപ്പെടുത്തിയിരിക്കുന്ന സമയത്തും തീയതിയിലും ടെൻഡർ തുറക്കുന്നതാണ്.

<u>**വിശദാംശങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.**</u>

| | |
|---|---|
| ടെൻഡർ നമ്പർ | S001-BTC02/1/2024-OPRS-KSRTC-HQ |
| പൂരിപ്പിച്ച ടെണ്ടർ രേഖകൾ സ്വീകരിക്കുന്നത് അവസാന തീയതി | 28.10.2025, 04.00 pm വരെ തപാൽ സെക്ഷൻ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കോട്ടയം ഡിപ്പോ, കോട്ടയം. |
| ടെണ്ടർ ഫോം ഫീസ് (റീഫണ്ട് ചെയ്യാനാവില്ല) | 112/- രൂപ.(100/-+ ജിഎസ്ടി @ 12%)(നൂറ്റി പന്ത്രണ്ട് രൂപ മാത്രം). |
| ലേലം / ടെണ്ടർ തീയതിയും സ്ഥലവും | 29.10.2025, 03.00 pm<br>കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം. |

**പ്രീ-ക്വാളിഫിക്കേഷൻ ബിഡിൽ ഉള്ളടക്കം ചെയ്യേണ്ടവ**

a. ബിഡ്ഡറുടെ സാധുവായ പാൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, GST സർട്ടിഫിക്കറ്റ്.
b. വില്ലേജ് ഓഫീസർ /തഹസിൽദാർ നൽകിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് / റേഷൻ കാർഡ് / തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള റസിഡന്റിൽ സർട്ടിഫിക്കറ്റ് .
c. ആധാർ കാറിന്റെ പകർപ്പ് .
d. ബിഡ്ഡറുടെ റെസിഡൻഷ്യൽ പ്രൂഫിന്റെ/ ഔദ്യോഗിക വിലാസത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
e. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
f. ഉടമസ്ഥാവകാശം / ലീസ് എഗ്രിമെൻറ്.
g. ബോട്ടുകളുടെ സർവെ സർട്ടിഫിക്കറ്റ് & ഡോക്ക് സർട്ടിഫിക്കറ്റ്
h. സാധുതയുള്ള ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്
i. ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്
j. പോല്യൂഷൻ സർട്ടിഫിക്കറ്റ്
k. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സർട്ടിഫിക്കറ്റ്
l. ഡ്രൈവർ ലൈസൻസ്
m. ബോട്ടിന്റെ ഫോട്ടോ
n. പങ്കാളിത്ത സ്ഥാപനത്തിന്റെ കാര്യത്തിൽ എല്ലാ പങ്കാളികളോ അംഗീകൃത പങ്കാളിയോ പങ്കാളിത്ത രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
o. ടെൻഡർ നോട്ടീസ് നമ്പർ S001-BTC02/1/2024-OPRS-KSRTC-HQ_ന്റെ പകർപ്പ് സ്വീകരിച്ച് ഒപ്പിട്ടത്, തീയതി:14.10.2025, ടെൻഡർ നമ്പർ S001-BTC02/1/2024-OPRS-KSRTC-HQ_തീയതി: 14.10.2025 (എല്ലാ പേജുകളും ഒപ്പിട്ടത്)
p. നിരതദ്രവ്യം, ടെണ്ടർ ഫോറം ഒടുക്കിയ ഡി.ഡി.

**പ്രൈസ് ബിഡിൽ ഉള്ളടക്കം ചെയ്യേണ്ടവ**

a. ടെൻഡർ ഫോം കൃത്യമായി പൂരിപ്പിച്ച് ബിഡ്ഡർ ഒപ്പിട്ടത്.
b. അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുള്ള ഹൗസ് ബോട്ടുകളുടെ മെനു ചാർട്ട്.
c. ചെറു ബോട്ടുകളുടെയും ഹൗസ് ബോട്ടുകളുടെയും റൂട്ട്, സമയക്രമം എന്നിവ.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഞാൻ ഇതിനാൽ പൂർണ്ണമായും അംഗീകരിക്കുന്നു.

ബിഡ്ഡറുടെ പേര് :

ബിഡ്ഡറുടെ ഒപ്പ്:

ബിഡ്ഡറുടെ വിലാസം:

ബിഡ്ഡറുടെ മൊബൈൽ നമ്പർ:

**ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ**
**അംഗീകാരത്തോടുകൂടി**

**ജനറൽ മാനേജർ (ബി.ടി.സി)**

| S001 | CO |
|---|---|

# KERALA STATE ROAD TRANSPORT CORPORATION

TRANSPORT BHAVAN, FORT, THIRUVANANTHAPURAM-695 023
Telephone No: 0471-2471011, (Extn : 232)
E-mail: estate@kerala.gov.in Web: www.keralartc.com

**TENDER No. S001-BTC02/1/2024-OPRS-KSRTC-HQ** **Dtd: 14.10.2025**

**അനുബന്ധം 1**

- വെൽക്കം ഡ്രിങ്ക്
- ഉച്ചഭക്ഷണം

(ചോറ്, സാംബാർ, തോരൻ, മെഴുക്കുപുരട്ടി, കരിമീൻ ഫ്രൈ, ചിക്കൻ കറി, പപ്പടം, അച്ചാർ)

- വൈകുന്നേരം

(ചായയും സ്നാക്സും)

- റിപ്പോർട്ട് ചെയ്യേണ്ട സമയം :
- ചെക്ക് ഇൻ സമയം:
- ചെക്ക് ഔട്ട് സമയം:
- റൂട്ട് & ദൈർഘ്യം :

  - കുമരകം ചീപ്പുങ്കൽ (ചെക്ക് ഇൻ പോയിന്റ്) : വേമ്പനാട് കായൽ, Bird Sanctuary, ആർ ബ്ലോക്ക്, (Lunch Break), പാതിരാമണൽ, തണ്ണീർമുക്കം, വെച്ചൂർ കനാൽ. (വിവിധ വഴികളിലൂടെ ഉള്ള റൂട്ടായി)

പേര് & ഒപ്പ്

S001 CO

# KERALA STATE ROAD TRANSPORT CORPORATION

TRANSPORT BHAVAN, FORT, THIRUVANANTHAPURAM-695 023
Telephone No: 0471-2471011, (Extn : 232)
E-mail: estate@kerala.gov.in Web: www.keralartc.com

TENDER No. S001-BTC02/1/2024-OPRS-KSRTC-HQ Dtd: 14.10.2025

## ലേലം / ടെണ്ടർ വ്യവസ്ഥകൾ

**വിഷയം:** കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് "KSRTC CRUISE LINE" പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള ലേലം / ടെണ്ടർ വ്യവസ്ഥകൾ സംബന്ധിച്ച്:

കെഎസ്.ആർടിസി ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി കെഎസ്.ആർടിസി നടത്തുന്ന ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് തുടങ്ങിയവയിലെ യാത്രകൾക്ക് വളരെ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ വിനോദയാത്രകളിൽ കെഎസ്.ആർടിസി യ്ക്ക് മാത്രമായി പ്രത്യേക സർവീസുകൾ കോട്ടയം ജില്ലയിൽ നടത്തുന്നതിനായി ഹൗസ് ബോട്ടുകളും / ബോട്ടുകളും തെരഞ്ഞെടുക്കുന്നതിനായി നിശ്ചിത ദിവസ / മാസ വാടക / കമ്മീഷൻ അടിസ്ഥാനത്തിൽ കരാർ നൽകുന്നതിനായി താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം കെ.എസ്.ആർ.ടി.സി ദർഘാസ് ക്ഷണിക്കുന്നു.

1. ഒരു യാത്രയിൽ ഏറ്റവും കുറഞ്ഞത് 30 പേർക്കെങ്കിലും യാത്ര ചെയ്യുന്നതിന് സൗകര്യമുള്ള ഹൗസ്ബോട്ട് / ബോട്ടുകൾ / 7 പേർക്കോ അതിൽ കുറവോ യാത്ര ചെയ്യാൻ സാധിക്കുന്ന ചെറു ബോട്ടുകളുമാണ് പരിഗണിക്കുന്നത്.
2. ഏറ്റവും കുറഞ്ഞത് അഞ്ചു വർഷത്തെ പ്രവർത്തന പരിചയമുള്ള സ്ഥാപനങ്ങൾ / ബോട്ടുടമകളായിരിക്കണം ദർഘാസ് സമർപ്പിക്കേണ്ടത്. പ്രവർത്തി പരിചയം ഉറപ്പാക്കുന്ന രേഖയും സമർപ്പിക്കേണ്ടതാണ്.
3. ലേലം / ടെണ്ടർ നടപടിയിൽ പങ്കെടുക്കുന്നതിനായി ടെണ്ടർ സമർപ്പിക്കുന്ന വ്യക്തി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് , ആധാർ കാർഡ് എന്നിവയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ ടെണ്ടർ ഫോമിനോടൊപ്പം ഹാജരാക്കണം .

4. മേൽപ്പറഞ്ഞവയിൽ പേരും, മേൽ വിലാസവും വ്യത്യസ്തമാണെങ്കിൽ പ്രസ്തുത പേരിലും മേൽ വിലാസങ്ങളിലും ഉള്ള വ്യക്തി ഒരാൾ തന്നെയാണെന്നുള്ള വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിന്റെ അസ്സൽ ടെണ്ടറിനോടൊപ്പം ഹാജരാക്കിയിരിക്കണം.

5. ലേലം / ടെണ്ടർ നടപടിയിൽ നേരിട്ട് പങ്കെടുക്കുവാൻ കഴിയാത്തവർ, അവർ ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ സാക്ഷ്യപത്രം അങ്ങനെ നിയോഗിക്കപ്പെടുന്ന വ്യക്തിയുടെ ഐഡന്റിറ്റി തെളിയിക്കുന്നതിനായി ഖണ്ഡിക 3-ൽ പറഞ്ഞിട്ടുള്ള തിരിച്ചറിയിൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അധികാരപത്രത്തോടൊപ്പം ഹാജരാക്കിയിരിക്കണം.

6. യാത്രയുടെ സമയം, വെൽക്കം ഡ്രിംഗ്സ്, ഉച്ചഭക്ഷണം, ടീ / സ്നാക്സ് എന്നിവയടക്കം ബോട്ടുടമ നൽകുന്ന സർവീസുകളുടെ വിശദവിവരവും ബോട്ടിലെ സൗകര്യങ്ങളുടെ ഫോട്ടോയും പ്രീക്വാളിഫിക്കേഷൻ ബിഡിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. ഹൗസ് ബോട്ട് സർവീസ് നടത്തുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, ഇൻഷുറൻസ് പരിരക്ഷയും, സുരക്ഷാ സംവിധാനങ്ങളും ഹൗസ് ബോട്ടുകൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യമായ എല്ലാ രജിസ്ട്രേഷനുകളുടെയും, പെർമിറ്റിന്റെയും പകർപ്പുകൾ പ്രീക്വാളിഫിക്കേഷൻ ബിഡിനോടൊപ്പം തന്നെ സമർപ്പിക്കേണ്ടതാണ്.

8. കാലാകാലങ്ങളിൽ സർക്കാർ നിഷ്കർഷിക്കുന്ന ലൈസൻസുകൾ, ഇൻഷുറൻസ് എന്നിവ പുതുക്കി രേഖകൾ സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഹൗസ് ബോട്ട് ഉടമകളിൽ നിക്ഷിപ്തമായിരിക്കും.

9. ഒരു പാക്കേജിൽ സന്ദർശിക്കുന്ന സ്ഥലങ്ങൾ, സമയം എന്നിവ സംബന്ധിച്ച കാര്യപരിപാടിയും, നൽകുന്ന ഭക്ഷണത്തിന്റെ അളവും വിവരങ്ങളും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10. രാത്രികാല ഹൗസ് ബോട്ട് യാത്രയുടെ നിരക്ക് നൽകുമ്പോൾ അത്താഴം, പ്രഭാതഭക്ഷണം, രാത്രിയിലെ ഹൗസ് ബോട്ട് / ലോഡ്ജ് / റൂം ഷെയറിംഗ് എന്നിവയുടെ നിരക്ക് കൂടി ഉൾപ്പെടുത്തി തുക നിശ്ചയിക്കേണ്ടതാണ്.

11. ടെണ്ടറിൽ തെരഞ്ഞെടുക്കുന്ന വ്യക്തി / ബോട്ടുടമ കെ.എസ്.ആർ.ടി.സിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. കുറഞ്ഞ കരാർ കാലാവധി 1 വർഷവും, പരമാവധി കരാർ കാലാവധി 3 വർഷവും ആയിരിക്കും. തൃപ്തികരമായും, സഞ്ചാരികളിലും യാത്രക്കാരിലും മതിപ്പ് ഉള്ളതുമായ ഉടമകളുമായി കമ്മറ്റി അംഗീകാരത്തോടെ കരാർ കാലാവധി നീട്ടുന്നത് പരിഗണിക്കുന്നതാണ്.

12. ജലയാത്രയ്ക്ക് നിയമപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സുരക്ഷാമാർഗങ്ങൾ ഉടമ ഏർപ്പെടുത്തിയിരിക്കേണ്ടതാണ്.

13. ബോട്ടിന്റെ ശുചിത്വം, ജീവനക്കാരുടെ പെരുമാറ്റം, നൽകുന്ന ഭക്ഷണത്തിന്റെ നിലവാരം എന്നിവ സംബന്ധിച്ച് യാത്രക്കാരിൽ നിന്നും പരാതി ലഭിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതാണ്.

14. ടെണ്ടർ കമ്മറ്റിയിൽ സമർപ്പിക്കുന്ന അപേക്ഷയിന്മേലുള്ള ഹൗസ്ബോട്ട് / ബോട്ടുകൾ പ്രീ ക്വാളിഫിക്കേഷൻ ബിഡ് പരിശോധിച്ച ശേഷം കമ്മിറ്റി നേരിട്ട് പരിശോധിക്കുന്നതും, തിരഞ്ഞെടുക്കപ്പെടുന്നവരുടെ പ്രൈസ് ബിഡ് പരിശോധിക്കുകയും തുടർനടപടികൾ ബജറ്റ് ടൂറിസം സെല്ലിന്റെ മുഖ്യകാര്യാലയത്തിൽ നടത്തുകയും ചെയ്യുന്നതാണ്.

15. പ്രീ ക്വാളിഫിക്കേഷൻ ബിഡിൽ യോഗ്യരാകാത്തവർക്ക് ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നതിന് ടെണ്ടർ കമ്മിറ്റി ഉപാധികളോടെ സാവകാശം അനുവദിക്കുന്നതാണ്.

16. ടെണ്ടർ അംഗീകരിക്കുന്ന പക്ഷം കുറഞ്ഞത് ഒരു മാസം എങ്കിലും ഹൗസ്ബോട്ട് / ബോട്ടിന്റെ സൗകര്യത്തിന്റെ നിലവാരവും, യാത്രക്കാരുടെ പ്രതികരണവും പരിശോധിച്ച്, കെ.എസ്.ആർ.ടി.സി യ്ക്ക് തൃപ്തികരമെങ്കിൽ മാത്രമേ വ്യവസ്ഥകള് അംഗീകരിച്ച് കരാറില് ഏർപ്പെടുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയുള്ളൂ.

17. കോർപ്പറേഷന്റെ താല്പ്പര്യത്തിനും പൊതുതാൽപ്പര്യത്തിനും ഹാനികരമായി പ്രവർത്തിക്കുന്ന ലൈസൻസികളുടെ ലൈസൻസ് റദ്ദ ചെയ്യപ്പെടുന്നതാണ്. മദ്യം, ലഹരി പാനീയങ്ങൾ, സർക്കാര് നിരോധിച്ചിട്ടുള്ള സാധനങ്ങൾ കോർപ്പറേഷന്റെ താൽപ്പര്യത്തിനു വിരുദ്ധമായ കച്ചവടം എന്നിവ ഒരു കാരണവശാലും നടത്തുവാൻ പാടില്ല. ലൈസൻസ് ഫീ ഒടുക്കുന്നതില് വീഴ്ച വരുത്തുന്ന ലൈസൻസികളുടെ ലൈസൻസ് മുന്നറിയിപ്പ് ഇല്ലാതെ തന്നെ റദ്ദ് ചെയ്യുന്നതാണ്.

18. കരാർ കാലാവധിയിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ, നിലവിലെ ലൈസൻസ് കാലാവധി പൂർത്തിയാക്കുന്നതു വരെ മാത്രം ലൈസൻസിയുടെ നാമ നിർദ്ദേശം ചെയ്യപ്പെട്ട നിയമപരമായ അവകാശിയെ തുടരുവാൻ അനുവദിക്കുന്നതാണ്. ലൈസൻസി കാരണം ബാദ്ധ്യതകളെന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത അവകാശി തീർക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ അവകാശിയെ കരാറിൽ ഏർപ്പെടുമ്പോൾ തന്നെ നാമ നിർദ്ദേശം ചെയ്യേണ്ടതാണ്. ആയതിന് ശേഷമുള്ള ഒരു അവകാശവാദങ്ങളും നിലനിൽക്കുന്നതല്ല.

19. കേന്ദ്ര സർക്കാർ / കേരളസംസ്ഥാന സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / കെ.എസ്.ആർ.ടി.സി എന്നിവയുടെ നിലവിലുള്ള നിയമങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാറ്റങ്ങൾക്ക് വിധേയമായി മാത്രമേ ലൈസൻസി പ്രവർത്തിക്കുവാൻ പാടുള്ളൂ.

20. ലേലം / ടെണ്ടർ നടത്തുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം ടെണ്ടറിനു മുൻപ് നടത്തേണ്ടതും എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ ടെണ്ടറിനു മുൻപായി സമർപ്പിക്കേണ്ടതാണ്. ലേലം / ടെണ്ടർ നടന്ന ശേഷം യാതൊരു വിധ പരാതിയും പരിഗണിക്കുന്നതല്ല.

21. ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തി ക്രിമിനൽ കേസുകളിലോ, കോർപ്പറേഷൻ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ളതോ ആയ പ്രതിയായിരിക്കുവാൻ പാടുള്ളതല്ലാത്തതും, അതു സംബന്ധിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കോർപ്പറേഷനെതിരെ കോടതി വ്യവഹാരത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ടെണ്ടർ

നടപടികളിൽ പങ്കെടുക്കുവാൻ അർഹതയില്ലാത്തതും ആയതിന് ഒരു സത്യവാങ്മൂലം ടെണ്ടർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ആയത് ശരിയല്ലെന്ന് പിന്നീട് ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ ലൈസൻസ് റദ്ദ് ചെയ്യുന്നതാണ്. റവന്യൂ റിക്കവറി നേരിടുന്ന വ്യക്തിയല്ലായെന്ന സത്യവാങ് മൂലം ഹാജരാക്കേണ്ടതാണ്.

22. പ്രത്യേകിച്ച് കാരണം കൂടാതെ തന്നെ ഏതു ടെണ്ടറും നിരസിക്കുവാനുള്ള പരമാധികാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

23. വ്യവസ്ഥകൾക്ക് അതീതമായി തീരുമാനം എടുക്കാനുള്ള അധികാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

24. ഈ സംരഭത്തിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സിയ്ക്ക് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ടി ബോട്ടുടമ / ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

25. ലേലം / ടെണ്ടർ ലൈസൻസ് പ്രവർത്തനം എന്നിവ സംബന്ധിച്ചുണ്ടാകുന്ന കേസുകളുടെ അധികാര പരിധി (Jurisdiction) തിരുവനന്തപുരം കോടതികൾക്കായിരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ**

**അംഗീകാരത്തോടുകൂടി**

**ജനറൽ മാനേജർ (ബി.ടി.സി)**

# കേരള സംസ്ഥാന റോഡ് ട്രാൻസ്‌പോർട്ട് കോർപ്പറേഷൻ

**നമ്പർ:** S001-BTC02/1/2024-KSRTC

ടെണ്ടർ ഫാറത്തിന്റെ വില
100 രൂപ + 12% നികുതി

**കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് "KSRTC CRUISE LINE" പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് താൽപ്പര്യമുള്ള കക്ഷികളിൽ നിന്ന് ലേലം/ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള ലഘുദർഘാസ് പരസ്യം ക്ഷണിച്ചുകൊണ്ടുള്ള ഫാറം.**

| | | | |
|---|---|---|---|
| 1. | ലേലം / ടെണ്ടർ നോട്ടീസ് നം: | : | S001-BTC02/1/2024-KSRTC<br>തീയതി 14.10.2025 |
| 2. | ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | : | 28.10.2025, 16.00 മണി വരെ |
| 3. | ലേലം/ടെണ്ടർ നടക്കുന്ന തീയതി, സ്ഥലം, സമയം | : | 29.10.2025, 04.00 pm മുതൽ<br>ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ ഫോർട്ട്, തിരുവനന്തപുരം |
| 4. | ടെണ്ടററുടെ പേരും മേൽവിലാസവും പിന്കോഡും | : | |
| 5. | കത്തിടപാടുകൾ നടത്തുന്നതിനുള്ള മേൽവിലാസവും പിൻകോഡും | : | |
| 6. | ഫോൺ നം:, മൊബൈൽ നം:, ഇമെയിൽ വിലാസം | | |
| 7. | ടെണ്ടർ വിളിക്കുന്ന വിവരം | : | കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ടൂർ പാക്കേജുകളിൽ ഹൗസ് ബോട്ട് / ബോട്ട് "KSRTC CRUISE LINE" പ്രവർത്തിപ്പിക്കുന്നതിന് |
| 8. | രേഖപ്പെടുത്തുന്ന തുക<br>(ഹൗസ് ബോട്ട്, ചെറു ബോട്ട് എന്നിവ പ്രത്യേകം) | : | |
| 10. | നിരതദ്രവ്യം സംബന്ധിച്ചുള്ള വിവരം | : | ഡി.ഡി നം: നമ്പർ:<br>_ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _<br>ബാങ്ക്:<br>ബ്രാഞ്ച്:<br>തീയതി: |

**പ്രതിജ്ഞാ വാചകം**

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ സത്യസന്ധമാണെന്നും 14.10.2025ലെ S001-BTC02/1/2024-KSRTC എന്ന നമ്പർ പ്രകാരമുള്ള ലേലം/ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും ഞാൻ വായിച്ചു ബോധ്യപ്പെട്ടുവെന്നും, ഇവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കൃത്യമായും പാലിച്ചു കൊള്ളാമെന്നും, ഞാൻ പ്രതിജ്ഞ ചെയ്യുന്നു. മേൽപ്പറഞ്ഞ ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും മെമ്മോറാണ്ടവും അംഗീകരിച്ച്, ഒപ്പിട്ട് ഞാൻ സമർപ്പിക്കുന്നു.

സ്ഥലം:
തീയതി:

**ടെണ്ടററുടെ ഒപ്പ്**

**കുറിപ്പ്:**
- *എല്ലാ ഭാഗവും പൂരിപ്പിച്ച ടെണ്ടർ ഫാറവും അനുബന്ധ രേഖകളും അടങ്ങിയ മുദ്രവച്ച കവർ (കവറിനു പുറത്ത് മുകളിലായി ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ തീയതി എന്നിവ വ്യക്തമായി എഴുതിയിരിക്കണം).*
- ***കവറിന്റെ താഴെ വലതുഭാഗത്ത് "ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്" എന്ന മേൽവിലാസവും, ഇടതുഭാഗത്ത് ടെണ്ടററുടെ പേരും, മേൽവിലാസവും എഴുതിയിരിക്കണം.***
- *മേൽപ്പറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്താത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. കൂടാതെ പ്രസ്തുത വ്യക്തി വിളിച്ച [illegible]*